വി പി ഉണ്ണികൃഷ്ണൻ

'പുനർജ്ജനി'യിൽ അടർന്നു വീഴുന്ന അമ്മമാരുടെയ ഭാര്യമാരുടെയും കണ്ണുനീർത്തുള്ളികൾ പകരുന്നത് പൊള്ളുന്ന പാഠമാണ്, ഹൃദയത്തെ പിടിച്ചുലയ്ക്കുന്ന യാഥാർത്ഥ്യങ്ങളാണ്. 'പുനർജ്ജനി'യിൽ നിന്ന് പുതു നേടി ആഹ്ലാദത്തിന്റെയും സ്വബോധത്തിന്റെയും ലോകത്തേക്ക് മടങ്ങിയെത്തിയ ആയിരങ്ങൾ മരുന്നു മന്ത്രവുമില്ലാത്ത മദ്യപാനരോഗനിവാരണത്തെ സാക്ഷ്യപ്പെടുത്തുന്നു...

"പരാജയപ്പെട്ട ഒരു കഥാപാത്രമാണ് ഞാൻ. പോരാട്ടങ്ങൾക്കൊടുവിൽ സ്വന്തം കിരീടം നഷ്ടമായ ചക്രവർത്തി. എന്നിട്ടും എന്നോട് എല്ലാവരും കരുണ കാണിച്ചു! ദാനം! എനിക്കത് അസഹനീയമായിരുന്നു. കരുണ യാചിച്ച് ഞാൻ ആരുടെയും അടുത്ത് പോയിട്ടില്ല."

2012 സെപ്തംബറിൽ ഡി സി ബുക്സ് പ്രസിദ്ധീകരിച്ച 'കുടിയന്റെ കുമ്പസാരം' എന്ന പുസ്തകത്തിലെ വാചകങ്ങളാണ് മേലുദ്ധരിച്ചത്. 2013 ഏപ്രിലിൽ ആ പുസ്തകത്തിന് രണ്ടാം പതിപ്പ് പ്രസിദ്ധീകരിക്കേണ്ടിവന്നു.

ഡോ. ജോൺസ് കെ മംഗലം എന്ന മുഴുക്കുടിയനായിരുന്ന ഒരാളുടെ ആത്മകഥയിലാണ് വെളിപ്പെടുത്തുവാൻ പലരും മടിക്കുന്ന ജീവിതസത്യങ്ങൾ മറനീക്കി വായനക്കാരുടെ മുന്നിലെത്തുന്നത്.

അച്ഛൻ മുഴുക്കുടിയനായിരുന്നുവെന്ന് ജോൺസൺ മാഷ് പറയുന്നു. തന്റെ മലയോരഗ്രാമത്തിലെ വിദ്യാലയത്തിലെ ആദരണീയ അധ്യാപകൻ കള്ളുകുടി കാരണം 'കൊട്ടുവടി' മാഷായി. ബിരുദത്തിനും ബിരുദാനന്തര ബിരുദത്തിനും ഒന്നാം റാങ്കുകാരനായി കൊട്ടുവടി മാഷിന്റെ പുത്രൻ ജോൺസൺ.

ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ മദ്യപാനം ആരംഭിച്ച ഒരാൾ, 34 വയസ്സുവരെ മദ്യത്തെ ആശ്രയിച്ചു ജീവിച്ച ഒരു മനുഷ്യൻ അയ്യായിരത്തോളം കുടുംബങ്ങളെ മദ്യപാനം ഒരു രോഗമാണെന്ന് പഠിപ്പിച്ചു മനസ്സിലാക്കിയതെങ്ങനെ? മദ്യപാനം മദ്യപന്റെ മാത്രം രോഗമല്ലെന്നും ഒരു കുടുംബരോഗമാണെന്നും ബോധ്യപ്പെടുത്തിയതെങ്ങനെ? അനുഭവം ഗുരു! സ്വന്തം അനുഭവങ്ങളിൽ നിന്ന് ജീവിതസത്യങ്ങൾ ജോൺസൺമാഷ് 'കുടിയൻമാർക്ക്' പറഞ്ഞുകൊടുക്കുന്നു. ഹൃദയത്തിൽ നിന്നൊഴുകിയെത്തുന്ന ജോൺസൺ മാഷിന്റെ വാക്കുകൾ 'കുടിയൻമാരും' കുടിയൻമാരുടെ ഭാര്യമാരും, അമ്മമാരും മക്കളും സശ്രദ്ധം ശ്രവിക്കുന്നു. ഉപദേശങ്ങളില്ല, സാരമായ സന്ദേശങ്ങളില്ല. മരുന്നും മന്ത്രവുമില്ല. തന്റെ ജീവിതം 34 വയസ്സുവരെ എന്തായിരുന്നുവെന്ന് വിസ്തരിച്ചുകൊണ്ട് മദ്യവിമുക്തിയുടെ അനിവാര്യത ബോധ

മദ്യപാനം ഒരു രോഗമാണെന്ന
ക്തിയുടെ മാത്രം രോഗാവസ്ഥ
ബരോഗാതുരയാണെന്നും ആവ
പഠിപ്പിക്കുന്നതും പുനർജ്ജനിയ
ത്തവർക്ക് പോലും തന്റെ എഴുത
നൽകുന്നതും 'മഹാകുടിയൻ' അ
ഗവിമുക്തി നേടിയ ജോൺസൺ
നി'യിൽ വിരിയുന്നത് പുതുവി
ളാണ്, വ്യതിരിക്ത ജീവിതങ്ങളു
ലാണ് 'പുനർജനി'യിൽ സംഭവ
ജന്മത്തിൽ വിശ്വസിക്കുന്ന ഒരാള
'സ്വർഗ്ഗവുമില്ല, നരകവുമില്ല, മു
ജന്മമില്ല' എന്ന ചാർവ്വാക സ
സിക്കുന്ന വ്യക്തിയാണ് ഇതെ
ക്ഷേ ഈ ജീവിതത്തിൽ തന്നെ
സാധ്യമാണെന്ന് ജോൺസൺ